LIBRARY ARCHIVES Kerala Legislative Assembly

ഭൂപരിഷ്കരണ നിയമ ഭേദഗതി

96 [1105] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മാറ്റങ്ങളാണ് ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കാനും ഒരു തോട്ടവിള കൃഷി ചെയ്യുന്ന ഭൂമി മറ്റൊരു തോട്ടവിള കൃഷി ചെയ്യുന്നത് അനുവദിക്കുവാനും ജൻമിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി ആർജ്ജിച്ച ചെറുകിട കർഷകർക്ക് പ്രസ്തുത ഭൂമിയിൽ സ്ഥിരാവകാശം നൽകുന്നതിനും മതസ്ഥാപനങ്ങൾക്ക് നൽകേണ്ടതായ വാർഷിക അനുവിറ്റി വർദ്ധിപ്പിക്കുന്നതിനുമാണ് ഭേദഗതികൾകൊണ്ട് ഉദ്ദേശിക്കുന്നത്.

മണ്ണ് പരിശോധനാ സംവിധാനങ്ങൾ

97 [1106] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ബാലറാം:
,, കെ. മുഹമ്മദാലി:
,, ജോർജ് ജെ. മാത്യു:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പരിശോധന നടത്തി ഏതെല്ലാം രാസഘടകങ്ങൾ കണ്ടുപിടിക്കാനുള്ള സൗകര്യം കാർഷിക സർവ്വകലാശാലയിലും കൃഷിവകുപ്പിലും ലഭ്യമാണ്;

(ബി) അറ്റോമിക് സ്പെക്ട്രോമീറ്റർ എന്ന ഉപകരണമുപയോഗിച്ച് മണ്ണിലെ ഏതെല്ലാം രാസഘടകങ്ങളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുവാൻ കഴിയും;

(സി) ഈ ഉപകരണം കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സ്വന്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിലയെത്ര എന്നും ഇത് വാങ്ങിയത് എന്നാണെന്നും അറിയിക്കുമോ;

(ഡി) എന്നുമുതൽ പ്രവർത്തിക്കുവാൻ തുടങ്ങിയെന്നും ഇത് ഉപയോഗിച്ച് എത്ര സാമ്പിളുകൾ പരിശോധിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പരിശോധന നടത്താത്തപക്ഷം അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മണ്ണ് പരിശോധന നടത്തി മണ്ണിൽ അടങ്ങിയിട്ടുള്ള പാക്യജനകം, ഭാവകം, ക്ഷാരം, ജൈവാംശം, അമ്ലത്തിന്റെ തോത്, കുമ്മായം ചേർക്കേണ്ട അളവ്, മണ്ണിന്റെ ഘടന, പി. എച്ച് ലവണങ്ങളുടെ അളവ് മുതലായവ കണ്ടുപിടിക്കാനുള്ള സംവിധാനങ്ങളും ഉണ്ട്.

(ബി) അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ ഫോട്ടോ മീറ്റർ എന്ന ഉപകരണം ഉപയോഗിച്ച് മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ അളവ് കണ്ടുപിടിക്കുവാൻ കഴിയും.

(സി) ഉണ്ട്. കൃഷി വകുപ്പിൽ 1995, 1999, 2000 എന്നീ വർഷങ്ങളിൽ അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ മീറ്റർ വാങ്ങിയിട്ടുണ്ട്. ഇതിന് ഏകദേശം 4.50 ലക്ഷം രൂപ വീതം വില വരും.

കാർഷിക സർവ്വകലാശാലയിൽ 1983, 1998 എന്നീ വർഷങ്ങളിൽ വാങ്ങിയ അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ മീറ്ററിന് യഥാക്രമം 7.29, 2.39 ലക്ഷം രൂപവീതം വില വരും.

(ഡി) കേരള കാർഷിക സർവ്വകലാശാലയിൽ ഉപകരണങ്ങൾ വാങ്ങിയ അന്നുമുതൽ പ്രവർത്തിക്കുവാൻ തുടങ്ങുകയും ഇത് ഉപയോഗിച്ച് ആയിരക്കണക്കിന് സാമ്പിളുകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. 1995-ൽ കൃഷി വകുപ്പിന്റെ കേന്ദ്ര മണ്ണു പരിശോധന ശാലയിൽ വാങ്ങിയ ഉപകരണം രണ്ട് വർഷത്തിനുശേഷം പ്രവർത്തന രഹിതമായി. തൃശ്ശൂരിലെ മണ്ണ് പരിശോധന ശാലയിൽ 1999-ൽ വാങ്ങിയ ഉപകരണം 2000 മുതൽ പ്രവർത്തിച്ചു തുടങ്ങി. പട്ടാമ്പിയിലെ മണ്ണ് പരിശോധന ശാലയിൽ 2000-ൽ വാങ്ങിയ ഉപകരണം 2001 മുതൽ പ്രവർത്തിച്ചുതുടങ്ങി കൃഷി വകുപ്പിൽ ഈ ഉപകരണം ഉപയോഗിച്ച് നാനൂറ്റി എഴുപത്തി ആറ് സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

ആലക്കോട് എസ്റ്റേറ്റ് ആദിവാസികൾക്ക് വിതരണം ചെയ്യുവാൻ നടപടി

98 [1107] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന് കീഴിലുള്ള ആലക്കോട് എസ്റ്റേറ്റ് ആദിവാസികൾക്ക് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഈ എസ്റ്റേറ്റിൽ ആകെ എത്ര ഏക്കർ ഭൂമിയുണ്ട് എന്നും എത്ര ഏക്കർ വീതം ഓരോ കുടുംബത്തിനും നൽകുവാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly